"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തുറയൂർ ഗ്രാമ പഞ്ചായത്ത് ശുചിത്വ മിഷൻ SBM (Grameen) ഫണ്ടിലെ 5 ലക്ഷം രൂപ വകയിരുത്തി ഭാഗികമായി നിർമ്മാണം നടത്തിയ എം.സി.എഫ്. കെട്ടിടത്തിന്റെ ബേസ്മെന്റ് പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് നൽകുന്നതിനും ഭാഗിക നിർമ്മാണം നടത്തിയ സ്ഥലത്ത് തുറയൂർ ഗ്രാമ പഞ്ചായത്ത് മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനും തുറയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.88/2022/LSGD തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:- 1. കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2021-ലെ കത്ത് (SRG 605/21 , CC 404/21)

2. 18.12.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.68

**ഉത്തരവ്**

തുറയൂർ ഗ്രാമ പഞ്ചായത്ത് ശുചിത്വ മിഷൻ SBM (Grameen) ഫണ്ടിലെ 5 ലക്ഷം രൂപ വകയിരുത്തി നിർമ്മാണം ആരംഭിച്ച എം.സി.എഫ്. കെട്ടിടത്തിന്റെ നിർമാണ പ്രവൃത്തി പ്രദേശികമായ എതിർപ്പുകൾ മൂലം തുടരുവാൻ സാധിച്ചിരുന്നില്ല. നിലവിൽ ബേസ്മെന്റ് നിർമാണം മാത്രമേ പൂർത്തിയായിട്ടുള്ളു. എം.സി.എഫിന്റെ പ്രവർത്തനത്തിനു വേണ്ടി തുറയൂർ ഗ്രാമ പഞ്ചായത്ത് മറ്റൊരു കെട്ടിടം കണ്ടെത്തുകയും പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് തരം തിരിച്ച് കയറ്റി അയക്കുന്ന പ്രവർത്തനം തുടങ്ങിയിട്ടുമുണ്ട്. എന്നാൽ ഭാഗികമായി നിർമ്മാണം നടത്തിയ എം സി എഫ് കെട്ടിടത്തിന്റെ ബേസ്മെന്റ് പ്രവൃത്തിയുടെ ബിൽ തുക കരാറുകാരൻ നിരന്തരം ആവശ്യപ്പെടുന്നുണ്ട് എന്നതിനാൽ ആയത് നല്കുന്നതിന് സർക്കാറിന്റെ അനുമതിക്കായി അപേക്ഷിക്കുന്നതിനും ഭാഗിക നിർമ്മാണം നടത്തിയ സ്ഥലത്ത് സർക്കാറിന്റെ അനുമതി ലഭിക്കുന്ന പക്ഷം തുറയൂർ ഗ്രാമ പഞ്ചായത്ത് മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും ഇതുസംബന്ധിച്ച് കോഴിക്കോട് ജില്ലാ പ്ലാനിങ് ഓഫീസർ മുഖേന പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും ചെയ്തിരുന്നു.

2. തുറയൂർ ഗ്രാമ പഞ്ചായത്ത് ശുചിത്വ മിഷൻ SBM (Grameen) ഫണ്ടിലെ 5 ലക്ഷം രൂപ വകയിരുത്തി ഭാഗികമായി നിർമാണം നടത്തിയ എം.സി.എഫ്. കെട്ടിടത്തിന്റെ ബേസ്മെന്റ് പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് നൽകുന്നതിനും ഭാഗിക നിർമാണം നടത്തിയ സ്ഥലത്ത് സർക്കാർ അനുമതി ലഭിക്കുന്ന പക്ഷം തുറയൂർ ഗ്രാമ പഞ്ചായത്ത് മൃഗാശുപത്രി കെട്ടിടം നിർമിക്കുന്നതിനും തുറയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ

സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഉറയൂർ ഗ്രാമ പഞ്ചായത്ത് ശുചിത്വ മിഷൻ SBM (Grameen) ഫണ്ടിലെ 5 ലക്ഷം രൂപ വകയിരുത്തി ഭാഗികമായി നിർമാണം നടത്തിയ എം.സി.എഫ്. കെട്ടിടത്തിന്റെ ബേസ്മെന്റ് പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് നൽകുന്നതിനും ഭാഗിക നിർമാണം നടത്തിയ സ്ഥലത്ത് ഉറയൂർ ഗ്രാമ പഞ്ചായത്ത് മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനും ഉറയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
John V Samuel I A S
Deputy Secretary

പ്രസിഡന്റ് / സെക്രട്ടറി, ഉറയൂർ ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്